മലയാള മനോരമ
24 June 2023

# കല്ലുമ്മക്കായ ഉൽപാദനത്തിൽ ഒന്നര മടങ്ങ് വർധന

■ വിലയിടിവ് പരിഹരിക്കാൻ മൂല്യവർധിത ഉൽപാദനത്തിന് ശ്രമങ്ങൾ വേണം

മനോരമ ലേഖകൻ

കോഴിക്കോട് ● കഴിഞ്ഞ വർഷം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളടങ്ങിയ മലബാർ മേഖലയിൽ കല്ലുമ്മക്കായയുടെ ഉൽപാദനത്തിൽ ഒന്നരമടങ്ങിലധികം വർധനവുണ്ടായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

മേഖലയിൽ കല്ലുമ്മക്കായ കൃഷിയിൽ 160 ശതമാനത്തിന്റെ വർധനയാണുണ്ടായത്.

കാസർകോട് ജില്ലയിലെ പടന്നയിലാണ് ഏറ്റവും കൂടുതൽ ഉൽപാദനം. കടലിൽ നിന്നുള്ള ലഭ്യതയിലെ വർധനവ് 15 ശതമാനമാണ്.

എന്നാൽ, വിലയിടിവു കാരണം ഉൽപാദന വർധനവിനനുസരിച്ചുള്ള വരുമാന നേട്ടം കല്ലുമ്മക്കായ കർഷകർക്കും തൊഴിലാളികൾക്കും ലഭിച്ചില്ലെന്നാണ് വിലയിരുത്തൽ. പ്രതിസന്ധി പരിഹരിക്കാൻ, മൂല്യവർധിത ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേണമെന്നും സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ നിർദേശിച്ചിട്ടുണ്ട്.

മേഖലയിൽ നിന്നുള്ള കടൽമത്സ്യ ലഭ്യതയിലും കഴിഞ്ഞ വർഷം വർധനവുണ്ടായി.

1.99 ലക്ഷം ടൺ മത്സ്യമാണ് മലബാർ തീരങ്ങളിൽ നിന്നു കഴിഞ്ഞ വർഷം പിടിച്ചത്. 38 ശതമാനമാണ് വർധന.